/

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ശ്രീ. കെ. എ. ജോസ് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) No.36252/2009 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ 26/09/2018 ലെ വിധി ന്യായം- നടപ്പിലാക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 1369/2019/തസ്വഭവ തിരുവനന്തപുരം,തീയതി: 04.07.2019.**

പരാമർശം : 1) 05/11/2009-ലെ സ. ഉ (സാധാ) 2892/2009/ത സ്വ ഭ വ നമ്പർ ഉത്തരവ്.
2) ബഹു. ഹൈക്കോടതിയുടെ WP(C)നമ്പർ -36252/2009 ൽ പുറപ്പെടുവിച്ച 26/09/2018 ലെ വിധി ന്യായം.
3) പാറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.01.2019 ലെ A2/8368/18 നമ്പർ കത്ത്
4) കൃഷി വകുപ്പ് അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എറണാകുളം) ടെ 01.01.2019 ലെ A.E.(3)928/96 നമ്പർ കത്ത്.
5) അസ്സിസ്റ്റന്റ് ഡയറക്ടർ (അഗ്രികൾച്ചർ) നെടുമ്പാശ്ശേരിയുടെ 09.01.2019 ലെ N.S- 20/14 നമ്പർ കത്ത്.

**ഉത്തരവ്**

പാറക്കടവ് ഗ്രാമപഞ്ചായത്തിൽ 1996-97 വർഷത്തിൽ പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി നടത്തിയ കണ്ണൻ കുഴിശ്ശേരി - കരിപ്പശ്ശേരി തോട് പ്രവൃത്തിയുടെ കൺവീനറായി നിയോഗിക്കപ്പെട്ട ശ്രീ.കെ.എ.ജോസ് കൈപ്പറ്റിയ അധിക തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾക്കെതിരെ ടിയാൻ WP(C) 36252/2009 നമ്പറായി ഫയൽ ചെയ്ത കേസിൽ ബഹു. ഹൈക്കോടതി 26/09/2018 ൽ പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ച്, വിധിന്യായം ലഭിച്ച് നാല് മാസത്തിനകം പെറ്റിഷണറെയോ പെറ്റിഷനർ അധികാരപ്പെടുത്തിയ വ്യക്തിയെയോ നേരിൽ കേട്ട് EXHIBIT P 13 ൽ സർക്കാർ പുതുതായി ആയി തീരുമാനം എടുക്കണമെന്നും , പരാതിക്കാരൻ Ext.P7 ആയി സമർപ്പിച്ച ഇൻവോയിസിലെ അളവുകൾ ശരിയായി പരിശോധിക്കാതെയാണ് പരാതിക്കാരന് ബാധ്യത തീർച്ചപ്പെടുത്തി നൽകിയതെന്നും ആയത് സംബന്ധിച്ച് പരാതിക്കാരനുള്ള എതിർപ്പ് Ext. P9 കത്ത് പ്രകാരം നൽകിയിട്ടുണ്ടായിരുന്നുവെന്നും എന്നാൽ ആയത് പരിഗണിച്ചില്ലായെന്നും വിവക്ഷിച്ചിട്ടുണ്ടായിരുന്നു .

2) നെടുമ്പാശ്ശേരി കൃഷി അസിസ്റ്റൻറ് ഡയറക്ടറുടെ കാര്യാലയത്തിൽ 15/4/1997-ൽ കൃഷി അസിസ്റ്റൻറ് ഡയറക്ടറുമായി 21,51,000 രൂപയ്ക്ക് എഗ്രിമെൻറ് വച്ച കണ്ണൻ കുഴിശ്ശേരി -കരിപ്പശ്ശേരി തോട് പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ആയതിന്റെ 15 % ഗുണഭോക്തൃ വിഹിതവും ആയിരുന്നു എന്നും പ്രസ്തുത പ്രവൃത്തിക്കായി മുൻകൂറായി നൽകിയിരുന്ന 5 ലക്ഷം രൂപ കൊണ്ട് മേൽ പ്രവൃത്തിയിൽ 400 മീറ്ററിലെ നിർമാണം 1997 ൽ പൂർത്തീകരിക്കുകയും ചിലവായ തുകയായ 5,01,667.10 രൂപയ്ക്കുള്ള ഇൻവോയ്സ് നൽകിയിരുന്നുവെന്നുവെങ്കിലും വാല്യുവേഷൻ പ്രകാരം 4,07,448/- രൂപയുടെ പണി മാത്രം പൂർത്തീകരിച്ചതായാണ് തന്നെ അറിയിച്ചിരുന്നത് എന്നും പ്രസ്തുത വാല്യുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1,53,669/- രൂപ പലിശ സഹിതം തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 18.7.2007 ലാണ് കത്ത് ലഭിച്ചത് എന്നും താൻ 400 മീറ്ററിലെ നിർമാണം

1997 ൽ തന്നെ പൂർത്തീകരിച്ചെങ്കിലും valuation 8.10.2002 ലാണ് നടത്തിയത് എന്നും ഇപ്രകാരമുള്ള കാലതാമസം നീതികരിക്കത്തക്കതല്ല എന്നും ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണയം ശരിയായ രീതിയിലല്ല നടത്തിയത് എന്നും പരാതിക്കാരൻ Exhibit P 9 , Exhibit P13 എന്നിവ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. കൂടാതെ താൻ ഗുണഭോക്തൃ സമിതിയുടെ കൺവീനർ മാത്രമാണെന്നും പ്രസ്തുത പ്രവൃത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ സൂപ്പർവിഷനിൽ നടത്തിയത് ആയിരുന്നു എന്നും ആയതിനാൽ തനിക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കണം എന്നും തനിക്കു 15 % ഗുണഭോക്തൃ വിഹിതം ലഭിച്ചിരുന്നില്ല എന്നും വാല്യുവേഷൻ എടുക്കുന്ന വിവരം തന്നെ അറിയിച്ചിരുന്നില്ല എന്നും പ്രതിപാദിച്ചിട്ടുണ്ടായിരുന്നു.

3) ഈ വിഷയത്തിന്മേൽ പാറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി .അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രികൾച്ചർ),(എറണാകുളം), അസ്സിസ്റ്റന്റ് ഡയറക്ടർ (അഗ്രികൾച്ചർ) നെടുമ്പാശ്ശേരി എന്നിവരിൽ നിന്ന് റിപ്പോർട്ടു ആരായുകയുണ്ടായി.

4) പാറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ , പ്രസ്തുത പ്രവർത്തി 1996-97 ൽ പ്രധാനമന്ത്രിയുടെ സ്കീമിൽ ഉൾപ്പെടുത്തി കൃഷി വകുപ്പാണ് നടപ്പാക്കിയത് എന്നും ടി പ്രവൃത്തിക്ക് കൃഷി അസി. ഡയറക്ടർ, നെടുമ്പാശ്ശേരിയുടെ 15/04/1997, 09/06/1997 എന്നീ തീയതികളിലെ കത്തുകളുടെ അടിസ്ഥാനത്തിൽ യഥാക്രമം 2 ലക്ഷം, 3 ലക്ഷം എന്നീ ക്രമത്തിൽ ആകെ 5 ലക്ഷം രൂപ കൺവീനറായ ശ്രീ.കെ.എ. ജോസ്,എന്ന വ്യക്തിക്ക് (പരാതിക്കാരൻ )നൽകിയിരുന്നു എന്നും എന്നാൽ 08/10/2002 ൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, 4,07,448/- രൂപയുടെ മൂല്യനിർണ്ണയം മാത്രമാണ് നടത്തിയിട്ടുള്ളത് എന്നും ഇതിൽ തന്നെ 15% ഗുണഭോക്തൃ വിഹിതം കൂടി ഉൾപ്പെടുമ്പോൾ യഥാർത്ഥത്തിൽ കൺവീനർക്ക് നൽകേണ്ടിയിരുന്നത് 3,46,331/- രൂപ മാത്രമായിരുന്നുവെന്നും ആയതിനാൽ ഇപ്രകാരം അധികം നൽകിയ 1,53,669/- രൂപ 18% പലിശയോടുകൂടി തിരികെ ഈടാക്കാൻ 2000-01 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 21 പ്രകാരം നിർദ്ദേശിച്ചതിൻറെ അടിസ്ഥാനത്തിലാണ് ടിയാൾക്കെതിരെ റവന്യൂ റിക്കവറി നടപടി ആരംഭിച്ചത് എന്നും പ്രതിപാദിച്ചിട്ടുണ്ടായിരുന്നു .

5) Deepening and side protection of Kannankuzhissery-Karipassery thodu at Karipassery padashekharam എന്ന പ്രവൃത്തി പി.എം.എസ്. പദ്ധതി പ്രകാരമാണ് നടത്തിയിരിക്കുന്നത് എന്നും ഈ പദ്ധതി കൃഷി ആഫീസർ, കൃഷി അസിസ്റ്റൻറ് ഡയറക്ടർ എന്നിവരുടെ മേൽ നോട്ടത്തിൽ കൃഷി അസിസ്റ്റൻറ് ഡയറക്ടർ എഗ്രിമെൻറ് വച്ച് നടപ്പിലാക്കുന്ന പദ്ധതിയാകുന്നു എന്നും പദ്ധതി പ്രകാരം ആവശ്യമായ സമയങ്ങളിൽ മേൽ ഓഫീസർമാർക്ക് കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാതല സോയിൽ കൺസർവേഷൻ ഓഫീസർ, കെ.എൽ.ഡി.സി. എഞ്ചിനീയർ എന്നിവരിൽ ആരിൽ നിന്നും ടെക്നിക്കൽ ഗൈഡൻസ് സ്വീകരിക്കാവുന്നതാണ് എന്നും പദ്ധതിയുടെ നടത്തിപ്പിനായി കൺവീനർ, കൃഷി അസിസ്റ്റൻറ് ഡയറക്ടറുമായാണ് കരാറിൽ ഏർപ്പെട്ടിരുന്നത് എന്നും വാല്യുവേഷൻ നൽകുന്നതിനായി കൺവീനർ നൽകുന്ന ഇൻവോയ്സ് കൃഷി ആഫീസറും കൃഷി അസിസ്റ്റൻറ് ഡയറക്ടറും പരിശോധിച്ച് സർട്ടിഫൈ ചെയ്തു നൽകുന്നതിനനുസരിച്ച് മേൽ പരിശോധന നടത്തിയാണ് നൽകേണ്ടത് എന്നും അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രികൾച്ചർ) റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6) അസ്സിസ്റ്റന്റ് ഡയറക്ടർ (അഗ്രികൾച്ചർ) നെടുമ്പാശ്ശേരി നൽകിയ റിപ്പോർട്ടിൽ കൺവീനർക്ക് ആദ്യ ഗഡു തുകയായ 2,00,000.00 രൂപ നൽകുന്നതിനായി പാറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 15.04.1997- ന് കത്ത് നൽകിയിരുന്നതായും ആദ്യ ഗഡു നൽകിയതിനുശേഷം ചെയ്ത പ്രവൃത്തികളുടെ വാല്യുവേഷൻ എടുത്തതായി രേഖകളിൽ കാണുന്നില്ല എന്നും തോടിന്റെ 300 മീ. കോൺക്രീറ്റ് ചെയ്ത് പ്ലാസ്റ്ററിംഗ് ചെയ്തിട്ടുണ്ടെന്നും 400 മീ. ബെഡ് ഇട്ടിട്ടുണ്ടെന്നും ബാക്കി പണിക്കായി 3 ലക്ഷം അനുവദിക്കണമെന്നും കാണിച്ച് കൺവീനർ കത്ത് നൽകിയിരുന്നു എന്നും കാലവർഷം ശക്തി പ്രാപിക്കുന്നതിനു മുൻപ് പണികൾ തീർക്കുന്നതിന് കൺവീനർ ആവശ്യപ്പെട്ട പ്രകാരം 2-ാം ഗഡു തുക കൈമാറുന്നതിന് പാറക്കടവ് കൃഷി ഓഫീസർ ശുപാർശ നൽകിയിരുന്നു എന്നും ആയതിനാൽ തുക

അനുവദിക്കണമെന്ന് കാണിച്ചു കൊണ്ട് ഓഫീസിൽ നിന്നും 09.06.97- ന് പാറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും എന്നും പ്രതിപാദിച്ചിട്ടുണ്ടായിരുന്നു . മേൽ പ്രകാരം തുക അനുവദിച്ചശേഷം വാല്യുവേഷൻ എടുക്കുന്നതിനായി കൺവീനറോട് ആവശ്യമായ രേഖകൾ സഹിതം ഹാജരാകണമെന്ന് കാണിച്ചുകൊണ്ട് 05.08.99- ലെ AE (3) 927/96 നമ്പർ കത്ത് പ്രകാരം കൃഷി വകുപ്പ് അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വൈറ്റില, കൺവീനറോട്ടു ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ കൺവീനർ ഹാജരായതായി രേഖകളിൽ കാണുന്നില്ല എന്നും വാല്യുവേഷൻ എടുത്തു നൽകണമെന്ന് കാണിച്ചു കൊണ്ട് വീണ്ടും 06.05.2000 ൽ അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയതിനോടൊപ്പം ഇതുവരെ ചെയ്ത് തപ്രവൃത്തികളുടെ ഇൻവോയിസ് സഹിതം വാല്യുവേഷൻ എടുക്കുന്നതിലേക്കായി 15 ദിവസത്തിനകം ഹാജരാകണമെന്ന് കാണിച്ചുകൊണ്ട് വീണ്ടും 20.10.'00 ൽ പാറക്കടവ് കൃഷി ഓഫീസർ, കൺവീനർക്ക് കത്ത് നൽകി എന്നും എന്നാൽ ടിയാൻ ഹാജരാകാതിരുന്നതിനാൽ കൈപ്പറ്റിയ മുഴുവൻ തുകയും തിരിച്ചടക്കണമെന്ന് കാണിച്ചുകൊണ്ട് 05.12.'00- ലെ എൻ.എസ്-103/94 നമ്പർ കത്ത് നൽകിയിട്ടുണ്ടായിരുന്നു എന്നും അസ്സിസ്റ്റന്റ് ഡയറക്ടർ (അഗ്രികൾച്ചർ) നെടുമ്പാശ്ശേരി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

7) ബഹു.ഹൈകോടതിവിധിയുടെ അടിസ്ഥാനത്തിൽ പെറ്റിഷനർ അധികാരപ്പെടുത്തിയ വ്യക്തിയേയും ബന്ധപ്പെട്ടവരേയും നേരിൽ കേൾക്കുകയും പരാതിക്കാരൻ Exhibit P9 , Exhibit P13 എന്നി കത്തുകളിന്മേൽ ഉന്നയിച്ച കാര്യങ്ങളിന്മേൽ വിശദികരണം ആരായുകയുമുണ്ടായി .

ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് പദ്ധതിക്കാവശ്യമായ വസ്തുക്കളോ, അധ്വാനമോ, പണമോ ആയി വിനിയോഗിക്കാമെന്നാണ് പ്രസ്തുത പദ്ധതിയിൽ നിർദേശിച്ചിരുന്നത് എന്നും ആയതിനാൽ പണമായി നല്കിയിട്ടില്ലായെങ്കിൽ ആയതു പദ്ധതി മാർഗരേഖ നിഷ്കർഷിച്ച മറ്റു തരത്തിൽ നല്കിയിട്ടുണ്ടാകുമെന്നും , 2002 ൽ വാല്യുവേഷൻ എടുക്കുന്ന വിവരം പരാതിക്കാരനെ അറിയിച്ചതായി ഫയൽ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ലായെങ്കിലും വാല്യുവേഷൻ എടുക്കുന്നതിനുള്ള തിയതി തിരുമാനിക്കുന്നതിനു വൈറ്റില കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഹാജരാകണമെന്ന് കാണിച്ചു 16.2.1999 തീയതിയിൽ പാറക്കടവ് കൃഷി ഓഫീസർ കത്ത് നൽകിയിരുന്നുവെന്നും ,കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .കൂടാതെ പൂർത്തീകരിച്ച വർക്കുകളുടെ ഇൻവോയ്സ് സഹിതം 15 ദിവസത്തിനകം ഹാജരാകണം എന്ന് കാണിച്ചുകൊണ്ട് പാറക്കടവ് കൃഷി ഓഫീസർ 19.10.2000 ൽ കൺവീനർക്കു രജിസ്റ്റേർഡ് കത്ത് അയച്ചുവെങ്കിലും ,കൺവീനർ ഹാജരാകാതിരുന്നതിനാൽ തുടർനടപടി സ്വീകരിക്കണമെന്ന് കാണിച്ചു കൊണ്ട് 5.12 2000 ൽ കൃഷി ഓഫീസർ ,കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കു കത്ത് നൽകിയെന്നും പിന്നീട് 13.12.2000 തിയതിൽ കൺവീനർ നൽകിയ ഇൻവോയ്സിൽ, കൃഷി അസിസ്റ്റന്റ് ഡയറക്ടറും ,കൃഷി ഓഫീസറും സാക്ഷ്യപെടുത്തിയിട്ടില്ല എന്ന് കാണിച്ചു 25.8.2001 തീയതിയിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർക്കു കത്ത് നൽകിയെന്നും പിന്നീട് നിർദിഷ്ട ശുപാർശ സഹിതം 29.10.2001 തീയതിയിൽ തിരികെ നൽകിയെന്നുമാണ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഹിയറിങ് വേളയിൽ വെളിപ്പെടുത്തിയത് . സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് 29.07.2002 തീയതിയിൽ മാത്രമാണ് ആഫിസിൽ ലഭ്യമായത് എന്നും 8.10.2002 തീയതിയിൽ വാല്യുവേഷൻ നൽകിയിട്ടുണ്ട് എന്നുംപ്രവൃത്തി നടത്തിയിരുന്ന സമയത്തു ഓഫീസിൽ സേവനമനുഷ്ഠിച്ചിരുന്ന കൃഷി അസിസ്റ്റന്റ് എൻജിനീയർ ഭൗതിക പരിശോധന നടത്തി അളവെടുക്കുകയും ,ആയതു മേൽ സമയത്തു സേവനം അനുഷ്ഠിച്ചിരുന്ന കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഓഫീസിൽ നൽകിയെന്നും, ആ അളവുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നെടുമ്പാശ്ശേരി നൽകിയ സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സുമായ് ഒത്തു നോക്കിയ ശേഷമാണു ,തത്സമയത്തെ കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ നൽകിയത് എന്നും ആ അളവുകളിൽ യാതൊരു വ്യത്യാസവും വരാതെയാണ് കറക്ഷൻ രേഖപ്പെടുത്തിയത് എന്നും യഥാർത്ഥത്തിൽ കൺവീനർ ചെയ്ത പ്രവൃത്തിയുടെ അളവുപ്രകാരം തന്നെയാണ് വാല്യുവേഷൻ നല്കിയിരിക്കുന്നതെന്നും ഇൻവോയ്സിൽ 5, 6 ഇനങ്ങളിലായി ഉൾപ്പെടുത്തിയ പ്രവൃത്തികൾ നടത്തിയിട്ടില്ല എന്നാണ് പരിശോധകൻ കണ്ടെത്തിയിരിക്കുന്നതെന്നും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹിയറിങ് വേളയിൽ അറിയിച്ചു .

8) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് പദ്ധതിക്കാവശ്യമായ വസ്തുക്കളോ, അധ്വാനമോ, പണമോ ആയി വിനിയോഗിക്കാമെന്നതിനാൽ 15 % ഗുണഭോക്തൃ വിഹിതം ലഭിച്ചിരുന്നില്ല എന്ന പരാതി ശരിയായിട്ടുള്ളതല്ല എന്ന് കാണാം. 2002 ൽ വാല്യുവേഷൻ എടുക്കുന്ന വിവരം പരാതിക്കാരനെ അറിയിച്ചതായി ഫയൽ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ലായെങ്കിലും ,കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഓഫീസിൽ നൽകിയ അളവുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടർ നെടുമ്പാശ്ശേരി നൽകിയ സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സുമായ് ഒത്തു നോക്കിയ ശേഷമാണ തത്സമയത്തെ കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ നൽകിയത് എന്നും, ആ അളവുകളിൽ യാതൊരു വ്യത്യാസവും വരാതെയാണ് കറക്ഷൻ രേഖപ്പെടുത്തിയത് എന്നും യഥാർത്ഥത്തിൽ കൺവീനർ ചെയ്ത പ്രവൃത്തിയുടെ അളവുപ്രകാരം തന്നെയാണ് വാല്യുവേഷൻ നല്കിയിരിക്കുന്നതെന്നും ,ഇൻവോയ്സിൽ 5, 6 ഇനങ്ങളിലായി ഉൾപ്പെടുത്തിയ പ്രവൃത്തികൾ നടത്തിയിട്ടില്ല എന്നുമാണ് പരിശോധകൻ കണ്ടെത്തിയിരിക്കുന്നതെന്നുമുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വെളിപ്പെടുത്തലിൽ നിന്നും വാല്യുവേഷൻ എടുത്തതിൽ തെറ്റുപറ്റിയതായി കണ്ടെത്തുവാൻ കഴിഞ്ഞില്ല. ആയതിനാൽ ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം ശരിയായ രീതിയിലല്ല നടത്തിയത് എന്നുള്ള പരാതിക്കാരന്റെ ആരോപണം ശരിയായിട്ടുള്ളതല്ല എന്ന് കാണാം .മേൽ പരിശോധനയിൽ വാല്യുവേഷനിൽ വീഴ്ച പറ്റിയിട്ടില്ലാത്തതിനാൽ കൺവീനർ (പരാതിക്കാരൻ ) അധികമായി കൈപ്പറ്റിയ 1,53,669 രൂപ പലിശ സഹിതം തിരിച്ചടക്കേണ്ടതായിട്ടുണ്ട് . കൂടാതെ 1997 വർഷത്തെ പ്രവൃത്തിയിന്മേൽ വാല്യുവേഷൻ 2002 വരെ വൈകിയതിൽ വീഴ്ച കൺവീനർക്കും സംഭവിച്ചതായി കാണാം. 13.12.2000 ലാണ് ടിയാൻ ഇൻവോയ്സ് നൽകിയതായി മനസിലാകുന്നത് . മേൽ സാഹചര്യത്തിൽ Exhibit P 9 , Exhibit P13 എന്നി അപേക്ഷയിലെ ആവശ്യങ്ങൾ പരിശോധിച്ച ശേഷം Exhibit P 16 പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പുനഃപരിശോധിക്കേണ്ടതായി കാണുന്നില്ല . ആയതിനാൽ അപേക്ഷകന്റെ Exhibit P 9 , Exhibit P13 എന്നിവയിലെ ആവശ്യങ്ങൾ നിരസിച്ചുകൊണ്ടും മേൽപ്രകാരം പരാമർശം ( 2 ) ലെ ബഹു. ഹൈക്കോടതിയുടെ വിധി ന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ് ജനറൽ(കേരള ),എറണാകുളം.(ഉപരി പത്രം സഹിതം)
അസ്സിസ്റ്റന്റ് ഡയറക്ടർ (അഗ്രികൾച്ചർ) നെടുമ്പാശ്ശേരി,പാറക്കടവ് ബ്ലോക്ക് ഓഫീസ് ,കുറുമശ്ശേരി പി.ഒ. എറണാകുളം-683579.
അസ്സിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രികൾച്ചർ) കാക്കനാട് , CSEZ P.O,എറണാകുളം-682037
സെക്രട്ടറി,പാറക്കടവ് ഗ്രാമ പഞ്ചായത്ത്,കുറുമശ്ശേരി പി.ഒ.എറണാകുളം-683579.
Sri.K.A.Jose, S/o Augusty Kachappilly House,Chettikkulam,Vattaparambu, Ernakulam.-683579.
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ